വചനഭാഷ്യം
അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass**
**SCRIPTURE READINGS**

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

7-ാം വർഷം

2022
ഡിസംബർ 25


പിറവിത്തിരുനാൾ



# ചെറുതാകലിന്റെ ക്രിസ്മസ്

ഏശ: 7:10-16, മിക്ക 4:1-3, ഗലാ 3:15-4:6, ലൂക്ക 2:1-20

ചെറുതാകലിന്റെ സൗന്ദര്യമാണ് ക്രിസ്മസ്. ക്രിസ്തുവിന് ഏറ്റവും ആർഭാടത്തിൽ ജനിക്കാമായിരുന്നു. പക്ഷെ ഒന്നുമില്ലായ്മയിൽ ജനിക്കുക എന്നതായിരുന്നു അവിടുത്തെ തെരഞ്ഞെടുപ്പ്.

രാവിലെ ഓടാൻ പോകുന്നവരും ചെറുതാകാനാണ് ശ്രമിക്കുന്നത്. അല്ലെങ്കിൽ കൂടുതലുള്ള തടി കളഞ്ഞു തങ്ങളെ തന്നെ ചെറുതാക്കാൻ. വേനൽകാലത്തു നാട്ടുമ്പുറങ്ങളിലെ പറമ്പുകളിൽ കൂടുതലായുള്ള കരിയിലകൾ കൂട്ടിയിട്ടു കത്തിക്കാറുണ്ട്. പറമ്പോക്കെ ഒന്ന് അടിച്ചു വൃത്തിയാക്കി, ആവശ്യമില്ലാത്തതൊക്കെ ഒഴിവാക്കിക്കഴിയുമ്പോൾ, "ഇപ്പൊ പറമ്പ് കാണാൻ ഒരു ഭംഗിയുണ്ട്!" എന്ന്, അടിച്ചികൂട്ടി തീയിട്ട അമ്മച്ചി തന്നെ ആത്മഗതം പറയും. ഒരു ഒഴിവു ദിവസം, നിനച്ചിരിക്കാതെ വീടൊക്കെ വൃത്തിയാക്കി വേണ്ടാത്തതൊക്കെ കളഞ്ഞു കഴിയുമ്പോൾ, ഉണ്ടാകുന്ന ഒരു മനസുഖം എല്ലാ മനുഷ്യരും ആഗ്രഹിക്കുന്നുണ്ട്. പക്ഷെ പലപ്പോഴും നമ്മൾ, അപ്പുറത്തുള്ളവന്റെ ഒപ്പമെത്താനുള്ള ഓട്ടത്തിനിടയിൽ, നമുക്ക് തന്നെ ഭാരമാകുന്നവ വീണ്ടും വീണ്ടും കൂട്ടിവെക്കുകയാണ്. തന്റെ ജനനത്തിൽ തന്നെ, തനിക്കു ഭാരമാകുന്നവയെ കർത്താവ് ഒഴിവാക്കിയിരുന്നു; പണമായായാലും, പ്രതാപമായാലും.

രാജകൊട്ടാരത്തിൽ പിറന്ന ബുദ്ധനും, എല്ലാം ഉപേക്ഷിച്ച് ഒറ്റ പോക്കാണ്. ആ ഉപേക്ഷിച്ചു പോക്കിലാണ് എല്ലാം നേടുന്നത്. അസാമാന്യമായ വിജയങ്ങൾ നേടിയവരുടെ ജീവിതത്തിൽ കുറെ ഉപേക്ഷകളുടെ യും, ഒഴിവാക്കലുകളുടെയും കഥകളുണ്ട് - ഉപേക്ഷിച്ചുകളഞ്ഞ ഉറക്കത്തിന്റെയും, കാണേണ്ടെന്നുവെച്ച സീരിയലുകളുടെയും, നഷ്ടപ്പെടുത്തിയ അലസതകളുടെയും കഥകൾ.

ലോകത്തിൽ ഏറ്റവും കൂടുതൽ പേർ പങ്കെടുക്കുന്ന ആഘോഷമാണ് ക്രിസ്മസ്. കൊടുക്കലാണ് ക്രിസ്മസിന്റെ ഒരു പ്രധാന പരിപാടി. ലോകത്തുള്ള പ്രധാനപ്പെട്ട ചാരിറ്റി (സാമൂഹ്യക്ഷേമ) സംഘടനകളൊക്കെ ഏറ്റവും കൂടുതൽ ഫണ്ട് പിരിക്കുന്നത് ക്രിസ്മസ് കാലത്താണ്. എല്ലാവരും കയ്യിലുള്ളത് മുഴുവൻ കൊടുത്തു, സ്വന്തം ഭവനവും കാലിതൊഴുത്തുപോലെയാക്കാൻ നോക്കുകയാണ്.



ഡോ. പി വി ബൈജു

## ഏറ്റവും വേണ്ടപെട്ടത് സമ്മാനമായി നൽകുമ്പോൾ

ക്രിസ്മസിനു വീട്ടിലെ അംഗങ്ങൾ തമ്മിൽ സമ്മാനങ്ങൾ കൈമാറുന്നത് പാശ്ചാത്യരാജ്യങ്ങളിൽ പതിവാണ്. തങ്ങൾക്കു ഏറ്റവും മികച്ചതെന്ന് തോന്നുന്നത് മറ്റുള്ളവർക്ക് കൊടുക്കലാണല്ലോ സമ്മാനം. ലോകത്താകമാനമുള്ള ക്രിസ്മസ് കഥകളിൽ ഏറ്റവും പ്രശസ്തമായ ഒന്നാണ് ഒ ഹെൻറി 1905 ൽ പ്രസിദ്ധീകരിച്ച ദി ഗിഫ്റ് ഓഫ് മാഗി. തന്റെ ഭർത്താവായ ജിമ്മിന് ക്രിസ്മസ് സമ്മാനം വാങ്ങാനുള്ള തുക ഡെല്ലയുടെ കയ്യിൽ ഇല്ല. അവൾ തനിക്കു ഏറ്റവും പ്രിയപ്പെട്ട മുടി മുറിച്ചു നൽകി, അതിൽ നിന്നു കിട്ടിയ തുകകൊണ്ട് ജിമ്മിന് ഒരു സമ്മാനം വാങ്ങുന്നു. എന്താണു സമ്മാനമെന്നതിൽ അവൾക്കു ഒരു സംശയവും ഉണ്ടായിരുന്നില്ല. തന്റെ പ്രിയതമൻ ഏറെ അഭിമാനത്തോടെ കെട്ടുന്ന വാച്ചിനു പറ്റിയ ഒരു പ്ലാറ്റിനം ചെയിൻ. അത് അവൾ വാങ്ങി.

ക്രിസ്മസിന്റെ തലേന്ന് അവൾ അവനു തന്റെ സമ്മാനം നൽകി. ജിം തന്റെ പ്രിയതമക്കും

മനോഹരമായ ഒരു സമ്മാനം വാങ്ങി സൂക്ഷിച്ചിരുന്നു. അവൾ അഭിമാനത്തോടെ കൊണ്ട് നടക്കുന്ന മുടി ചീകിയൊതുക്കാനുള്ള മനോഹരമായ ഒരു അലങ്കാര ചീപ്. താൻ അഭിമാനത്തോടെ ഉപയോഗിക്കുന്ന വാച്ച് വിറ്റാണ്, ആ ചീപ് വാങ്ങാനുള്ള തുക ജിം കണ്ടെത്തിയത്. സമ്മാനം പരസ്പരം കൈമാറിയ ഇരുവർക്കും തങ്ങളുടെ കരച്ചിൽ അടക്കാൻ പറ്റിയില്ല. തങ്ങൾ ഏറ്റവും അഭിമാനത്തോടെ കൊണ്ടുനടന്നിരുന്ന വസ്തുക്കളെ വിറ്റാണ്, അവർ പങ്കാളിക്കുള്ള സമ്മാനങ്ങൾ വാങ്ങിയത്. പക്ഷെ അത് ഉപയോഗിക്കാനുള്ള ഭാഗ്യം അവർക്കുണ്ടായില്ല. ചീപ് ഉപയോഗിക്കേണ്ട മുടിയും, ചെയിൻ കെട്ടേണ്ട വെച്ചും വിറ്റുപോയിരുന്നു. പക്ഷെ തങ്ങളുടെ നഷ്ടങ്ങളിൽ അവർ കണ്ടെത്തിയത് പരസ്പര സ്നേഹത്തിന്റെ ആഴമായിരുന്നു.

## കൊട്ടാരത്തിനും മേലെ ജനിച്ചവൻ

ക്രിസ്തു ജനിച്ചത് ഒരു രാജകൊട്ടാരത്തിൽ ആയിരുന്നുവെന്നു കരുതുക. എങ്കിൽ ക്രിസ്തുവിനെ കാണാൻ വരുന്നത്, രാജകൊട്ടാരത്തിന്റെ പ്രൗഢിയോട് ചേർന്ന് നിൽക്കുന്ന മറ്റു രാജാക്കന്മാരും, പ്രമാണിമാരും ആയിരിക്കും. ക്രിസ്തുവിനല്ല, മറിച്ചു ക്രിസ്തു പിറന്ന ഇടത്തിനാണ് അവിടെ പ്രാധാന്യം. പക്ഷെ കാലിത്തൊഴുത്തിൽ പിറക്കുമ്പോൾ, പിറന്ന ഇടത്തിനല്ല, മറിച്ചു പിറന്നവനാണ് മഹത്വം. അത് കൊണ്ടാണ് ക്രിസ്തുവിനെ കാണാൻ ജ്ഞാനികൾ വന്നത്. പിറന്നവന്റെ മഹത്വം മനസിലാക്കിയതു ജ്ഞാനികളാണ്; ഭൗതീക നേട്ടങ്ങളിൽ കീർത്തി നേടിയവരല്ല.

ജനിച്ച ഇടത്തിന്റെ കൂടുതലും കുറവും അല്ല ക്രിസ്തുവിനെ, ക്രിസ്തുവാക്കുന്നത്; അത് ക്രിസ്തു തന്നെയാണ്. വേറൊരർത്ഥത്തിൽ ജീവിത സാഹചര്യം എന്തായാലും, ക്രിസ്തുവാകാൻ ഒരുങ്ങി നിൽക്കുന്ന ഒരാൾ നമ്മുടെ ഉള്ളിലുണ്ട്. അവനെ കണ്ടെത്തി വളർത്തി വിടുകയേ വേണ്ടു. ഉള്ളിലുള്ള ക്രിസ്തുവിനെ ഒതുക്കിനിർത്തുവാൻ മത്സരിച്ചു ശ്രമിക്കുന്ന ഈ ലോകത്തു അതിത്തിരി പാടുള്ള കാര്യമാണ്.

## ഇല്ലായ്മകളിലെ സൗന്ദര്യം

2004 ൽ ഇറങ്ങിയ ഒരു സൗത്ത് ആഫ്രിക്കൻ സിനിമയാണ് യെസ്റ്റർഡേ. ഇന്നലെ എന്നർത്ഥം വരുന്ന യെസ്റ്റർഡേ എന്നതാണ് സിനിമയിലെ നായികയുടെ പേര്. എയിഡ്സ് ബാധിച്ച അവർ സ്വന്തം ജീവിതം കെട്ടിപ്പടുക്കുന്നതാണ് സിനിമയുടെ ഇതിവൃത്തം. ഒരിക്കൽ ഡോക്ടറെ കാണാൻ ചെല്ലുമ്പോൾ, ഡോക്ടർ അവരോട് ആരാണ് അവൾക്കു ഈ പേരിട്ടതെന്നു ചോദിക്കുന്നുണ്ട്. തനിക്കു ഇന്നലെ എന്ന് പേരിട്ടത് തന്റെ പിതാവാണെന്നു പറഞ്ഞിട്ട്, അവൾ പറയുന്നു, “ഇന്നലെകൾ ഇന്നത്തേക്കാൾ മനോഹരമായിരുന്നു എന്ന് അപ്പൻ എപ്പോഴും പറയാറുണ്ട്”. മനോഹരമായ ഇന്നലെകളുടെ സ്മരണക്കാണ് ഒരു അപ്പൻ മകൾക്കു ഇന്നലെ എന്ന് പേരിട്ടത്.

നമുക്കും ഇന്നലെകളോട് കാല്പനികമായ ഒരു ഇഷ്ടമുണ്ട്. സുഹൃത്തുക്കളുടെയും, ബന്ധുക്കളുടെയും കൂടെ കൂടുമ്പോൾ നമ്മളെ ഇന്നലെകളെ കുറിച്ച് സംസാരിക്കാറുണ്ട്. നമ്മുടെ നാട്ടിലെ ഇന്നലെകൾ ഇന്നത്തേക്കാൾ ദാരിദ്ര്യം നിറഞ്ഞതായിരുന്നു എന്നത് ഒരു പച്ച യാഥാർഥ്യമാണ്. എങ്കിലും നമ്മൾ ഇന്നലെകളെ കുറിച്ച് പറയാൻ ആഗ്രഹിക്കുന്നു. ഇല്ലായ്മകളിലെ സൗന്ദര്യം ഒന്ന് വേറെ തന്നെയാണ്. ഏകദേശം മുപ്പതു നാൽപതു വർഷം മുൻപ് വരെ നാട്ടുമ്പുറങ്ങളിലെ വീടുകളിൽ തൂക്കിയിരുന്ന നക്ഷത്രം നമ്മൾ വീട്ടിൽ തന്നെ ഉണ്ടാക്കുകയായിരുന്നു. മുളയുടേയോ, ഈറ്റയുടെയോ കോലുകളെടുത്തു, വാഴവള്ളിയോ, ചാക്ക് നൂലോ ഉപയോഗിച്ച് ഒരു നക്ഷത്രം ഉണ്ടാക്കി, അതിൽ മുപ്പതോ, അമ്പതോ പൈസക്ക് കളർ പേപ്പർ വാങ്ങി ഒട്ടിച്ച് ഉണ്ടാക്കിയിരുന്ന നക്ഷത്രത്തിന്റെ ഭംഗിയും, അത് തൂക്കുമ്പോൾ കിട്ടിയിരുന്ന സംതൃപ്തിയും, ഇന്നത്തെ കാലത്ത് എത്ര പണം കൊടുത്തു വാങ്ങുന്ന നക്ഷത്രത്തിനും ഇല്ല എന്ന് പഴമക്കാർ പറയുന്നത് ശരിയായിരിക്കും. അങ്ങനെ ഉണ്ടാക്കുന്ന നക്ഷത്രത്തിൽ മണ്ണെണ്ണ വിളക്ക് കത്തിച്ചു വെച്ചായിരിക്കും ദീപവിതാനം ഒരുക്കുന്നത്. ആ വിളക്കെങ്ങാനും മറിഞ്ഞു വീണു നക്ഷത്രം കത്തിപോയാൽ, ഉണ്ടാകുന്ന സങ്കടവും, സാമ്പത്തീക നഷ്ടവും പറഞ്ഞറിയിക്കാൻ പറ്റാത്തതായിരിക്കും. ഇല്ലായ്മകൾക്കിടയിലെ എന്തൊക്കെയോ സൗന്ദര്യങ്ങൾ നമ്മൾ ജീവിതത്തിൽ ആസ്വദിക്കുന്നുണ്ടെന്നത് യാഥാർഥ്യമാണ്. അതുകൊണ്ടായിരിക്കാം നമ്മൾ ഇന്നലെകളെ അത്രമേൽ ഇഷ്ടപ്പെടുന്നത്.

ഇത്തിരിപ്പോന്ന സന്തോഷങ്ങളുടെ മുതൽക്കൂട്ടാണ് ജീവിതം. വിധവയുടെ കാണിക്കയെക്കുറിച്ചു ബൈബിളിൽ മാർക്കോസ് (12:4144 ), പ്രതിപാദിക്കുന്നുണ്ട്. തന്റെ ഇത്തിരിപ്പോന്ന സമ്പാദ്യത്തിൽ നിന്നും രണ്ടു നാണയങ്ങൾ കൊടുത്തപ്പോൾ ആ സ്ത്രീ അനുഭവിച്ച സന്തോഷവും, നിർവൃതിയും എത്രയായിരിക്കും! ഇത്തിരി പോന്നതിൽ നിന്നും ഒത്തിരി കൊടുക്കണമെങ്കിൽ, അത്രമാത്രം ഹൃദയവിശാലത വേണം. ഏതൊരു രാജകൊട്ടാരത്തിലും പിറക്കാമെന്നിരിക്കെ, കാലിത്തൊഴുത്തിൽ പിറക്കാമെന്നു തീരുമാനിക്കുന്നതിനും സാമാന്യ മനുഷ്യനു ചിന്തിക്കാൻ കഴിയുന്നതിനപ്പുറമുള്ള ഹൃദയ വിശാലതയും, എളിമയും, ഇച്ഛാശക്തിയും വേണം.

## എവിടെയും നമുക്ക് ക്രിസ്തു ആകാം

നമുക്ക് ചുറ്റുമുള്ള ഏതൊരു ഇടത്തിലും നമുക്ക് ക്രിസ്തുവാകാം. ഇന്നത്തെ ലേഖനഭാഗത്തു, പൗലോസ് ശ്ലീഹ ഗലാത്യക്കാരോടു പറയുന്നതുപോലെ, "ക്രിസ്തുവിനോട് ഐക്യപ്പെടാൻ വേണ്ടി, നമ്മൾ ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു". (ഗലാ 3:27 ). ഏതൊരു ആൾക്കൂട്ടത്തിലും, ഒരാൾക്ക് ഏകനാണെന്നു തോന്നിപോകാം. സമ്പത്തിന്റെ നടുവിൽ ജീവിക്കുമ്പോഴും, എന്തൊക്കെയോ കുറവുകൾ ഉള്ളതുപോലെ തോന്നാം. എല്ലാം ഉള്ളപ്പോഴും, ഒന്നുമില്ലാത്തവരായി ജീവിക്കാനും സാധിക്കും. എല്ലാം നേടാൻ കഴിയുമായിരുന്നപ്പോഴും, ഒന്നും വേണ്ടെന്നു വെച്ചവന്റെ ജന്മദിനം ഓർമിപ്പിക്കുന്നത് അതാണ്.

ഈ അടുത്ത് സോഷ്യൽ മീഡിയകളിൽ ഏറെ പങ്കുവെക്കപെട്ട ഒരു വീഡിയോ കണ്ടിരുന്നു. ഒരു ചെറുപ്പക്കാരൻ ഒരു ബഹുനില മന്ദിരത്തിന്റെ മുകളിലേക്ക് കയറാനുള്ള ലിഫ്റ്റിലേക്കു ഓടിക്കയറുന്നു. അവനും കൂടി കയറിയതോടെ ആ ലിഫ്റ്റിൽ പരമാവധി കയറാവുന്നവരേക്കാൾ കൂടുതൽ ആളായി; ഒരാൾ ലിഫ്റ്റിൽ നിന്നും പുറത്തേക്ക് ഇറങ്ങണം എന്ന് ലിഫ്റ്റിന്റെ സ്ക്രീനിൽ കാണിക്കുന്നു. പക്ഷെ ആരും ഇറങ്ങുന്നില്ല. എല്ലാവരും തങ്ങളുടെ പദവിയുടെ, ജോലിത്തിരക്കിന്റെ, അത്യാവശങ്ങളുടെ, പൊങ്ങച്ചങ്ങളുടെ, ഭാരവും പേറി ലിഫ്റ്റിൽ നിൽപ്പാണ്. സെക്കന്റുകൾ മണിക്കൂറുകൾ പോലെ ഇഴഞ്ഞു നീങ്ങുന്നു. കുറച്ചു പേർ തല കുമ്പിട്ടിരിക്കുന്നു, വേറെ ചിലർ പരസ്പരം നോക്കി, തമ്മിൽ തമ്മിൽ കാണുമ്പോൾ, നോട്ടം മാറ്റുന്നു. കുറച്ചു കഴിയുമ്പോൾ, ലിഫ്റ്റിന്റെ പിറകിൽ നിന്നും ഒരു പെൺകുട്ടി പതിയെ, പതിയെ വീൽ ചെയർ ഉരുട്ടി വരുന്നു. അവൾ ആരുടേയും മുഖത്തു നോക്കാതെ, എന്നാൽ എല്ലാവരോടുമുള്ള അമർഷം അമർത്തി പിടിച്ചു ലിഫ്റ്റിനു പുറത്തേക്ക് വരുന്നു. ലിഫ്റ്റിന്റെ വാതിൽ അടയുന്നു. മനുഷ്യരുടെ സ്വാർത്ഥതയുടെ ഓരോ അവസ്ഥകൾ കാണിക്കാൻ ചിത്രീകരിച്ച സിനിമയാണതെങ്കിലും, ഒരു ക്രൈസ്തവ കാഴ്ച്ചപ്പാടിലൂടെ കാണുകയാണെങ്കിൽ, ലിഫ്റ്റിനുപുറത്തേക്ക് വന്നപ്പോൾ ആ പെൺകുട്ടിയെ സ്വീകരിക്കാൻ കർത്താവ് കാത്തിരിപ്പുണ്ടായിരുന്നു എന്ന് കരുതാവുന്നതാണ്. കാരണം, മറ്റുള്ളവർക്കുവേണ്ടി സ്വയം ഒഴിഞ്ഞു കൊടുക്കുന്നവരെ സ്വീകരിക്കാൻ, അവൻ എപ്പോഴും തയ്യാറായി ഇരിക്കുന്നുണ്ട്.

ഒരു ക്രിസ്മസ് രാത്രിയിൽ ഒരു ചെറുപ്പക്കാരൻ നടക്കാനിറങ്ങി. നഗരത്തിലെ ആഘോഷങ്ങൾക്കിടയിൽ ഒരു കുട്ടി, ഒരു തൂണും ചാരി ഇരിക്കുന്നു. അവനെ ആരും ഗൗനിക്കുന്നേയില്ല. ചെറുപ്പക്കാരൻ അവന്റെ അടുത്ത് ചെന്നു. മുഷിഞ്ഞ വസ്ത്രം. രണ്ടു ദിവസമായി ഒന്നും കഴിച്ചിട്ടില്ല. അവനു പോകാൻ ഒരിടവുമില്ല. കടുത്ത വിശ്വാസിയായ ചെറുപ്പക്കാരൻ ദൈവത്തോട് ചോദിച്ചു, "നീ ഇവനു വേണ്ടി എന്തു ചെയ്തു?"

ഒരു അശരീരി അവന്റെ കാതിൽ പതിച്ചു. "ഞാൻ അവനുവേണ്ടി കുറച്ചൊക്കെ ചെയ്തിട്ടുണ്ട്".

അവൻ തിരിച്ചടിച്ചു, "ദൈവം എന്തൊക്കെ ചെയ്തിട്ടുണ്ടെങ്കിലും ഇവന്റെ കാര്യത്തിൽ അതൊന്നും പ്രയോജനപ്പെട്ടിട്ടില്ല. അല്ല, ദൈവം എന്താണ് ഇവനു വേണ്ടി ചെയ്തതെന്ന് പറയാമോ?"

"ഞാൻ നിന്നെ സൃഷ്ടിച്ചു," ദൈവത്തിന്റെ മറുപടിയിൽനിന്നു ചെറുപ്പക്കാരന് തന്റെ ദൗത്യം മനസിലായി.

സഹോദരന്റെ കാവൽക്കാരാണു നാം ഓരോരുത്തരും എന്ന പഴയ നിയമത്തിലെ ധർമ്മത്തിലേക്കു നമ്മെ ഉണർത്തുക കൂടിയാണ് ക്രിസ്മസ്.





▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com